


# LITTLE KITES

## ST. JOHN'S HSS
## UNDANCODE

പ്രകാശനകർമ്മം നിർവഹിക്കുന്നത്

പ്രശസ്ത  കവിയും സാഹിത്യകാരനുമായ ശ്രീ. ഏഴാംച്ചേരി

രാമചന്ദ്രൻ സാർ നിർവഹിക്കുന്നു.



SAMANYWAYA.COM




# ലിറ്റിൽ കൈറ്റ്സ്

സെന്റ് ജോൺസ് എച്ച്.എസ് എസ് ഉണ്ടൻകോട്

# പ്രണാമം





# രക്ഷാധികാരി



# കോർപ്പറേറ്റ് മാനേജർ



## റവ.ഫാ. ജോസഫ് അനിൽ

# OUR PATRON



**Msgr. Dr. Vincent K Peter**
**Local Manager**



ഉണ്ടൻകോട് സെന്റ് ജോൺസ് ഹയർസെക്കന്ററി സ്കൂളിലെ ലിറ്റിൽകൈറ്റ്സ് അംഗങ്ങളുടെ നേതൃത്വത്തിൽ **"സമന്വയ.കോം"** എന്ന പേരിൽ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു എന്നറിഞ്ഞതിൽ ഞാൻ വളരെയധികം സന്തോഷിക്കുന്നു.

സാങ്കേതികവിദ്യയുടെ അനന്തസാധ്യതകൾ കൈയെത്തിപ്പിടിക്കാൻ ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങളിലൂടെ സാധിക്കട്ടെ. ലിറ്റിൽകൈറ്റ്സ് അംഗങ്ങളുടെ നേതൃത്വത്തിൽ തയ്യാറാക്കുന്ന ഈ ഡിജിറ്റൽമാഗസീന് സർവ്വവിധ ആശംസകളും നേരുന്നു.

സ്നേഹത്തോടെ ,

യേശുദാസൻ എം
(പ്രിൻസിപ്പാൾ)



പ്രിയപ്പെട്ടവരേ,

ലിറ്റിൽ കൈറ്റ്സിൻറെ നേതൃത്വത്തിൽ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസീനിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

വിദ്യാർഥികളുടെ സർഗവാസനകൾ പരിപോഷിപ്പിക്കുന്നതിനോടൊപ്പം വിവരസാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകൾ പ്രയോജനപ്പെടുത്താൻ ഈ സംരംഭത്തിലൂടെ സാധിക്കട്ടെ.....

"സമന്വയ.കോം"" യാഥാർഥ്യമാക്കിത്തീർക്കാൻ പ്രയത്നിച്ച വിദ്യാർഥികൾക്കും നേതൃത്വം നല്കിയ അധ്യാപകർക്കും ആശംസകൾ അർപ്പിക്കട്ടെ.

സ്നേഹത്തോടെ,

ഫിലോമിന എഫ്

(ഹെഡ്മിസ്ട്രസ്)

# ആശംസ



"സമന്വയ.കോം" ഡിജിറ്റൽ മാഗസീൻ യാഥാർഥ്യമാക്കിയ കൊച്ചുകൂട്ടുകാർക്ക് അഭിനന്ദനങ്ങൾ.....

വിവരസാങ്കേതികവിദ്യയുടെ ഉന്നതതലങ്ങൾ കൈയ്യെത്തിപ്പിടിക്കാൻ ലിറ്റിൽ കൈറ്റ്സുകൾക്ക് കഴിയട്ടെയെന്ന് ആശംസിക്കുന്നു.........

സ്നേഹത്തോടെ,

ഡോ.കൃഷ്ണൻ നാടാർ,

(സ്റ്റാഫ് സെക്രട്ടറി.H S S Section)



പ്രിയരേ,

ലിറ്റിൽ കൈറ്റ്സിൻറെ നേതൃത്വത്തിൽ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസീനിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

വിദ്യാർഥികളുടെ സർഗവാസനകൾ പരിപോഷിപ്പിക്കുന്നതിനോടൊപ്പം വിവരസാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകൾ പ്രയോജനപ്പെടുത്താൻ ഈ സംരംഭത്തിലൂടെ സാധിക്കട്ടെ.....

**“സമന്വയ.കോം" യാഥാർഥ്യമാക്കിത്തീർക്കാൻ പ്രയത്നിച്ച വിദ്യാർഥികൾക്കും നേതൃത്വം നല്കിയ അധ്യാപകർക്കും ആശംസകൾ അർപ്പിക്കട്ടെ സ്നേഹശാംസകളോടെ**

സ്നേഹശാംസയോടെ,

ജയപ്രകാശ്.കെ.ആർ,

(സ്റ്റാഫ് സെക്രട്ടറി).

# ആശംസ



ഉണ്ടൻകോട് സെൻറ് ജോൺസ് ഹയർ സെക്കൻററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങുടെ നേതൃത്വത്തിൽ തയ്യാറാക്കു ഡിജിറ്റൽ മാഗസീൻ "സമന്വയ.കോം" ന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

സാങ്കേതികതയുടെ സഹായത്തോടെ സർഗ്ഗാത്മകതക്ക് വർണ്ണങ്ങൾ ചാലിച്ചപ്പോൾ "സമന്വയ.കോം" വർണാഭമായി. ഈ സംരംഭത്തിൻറെ പിന്നിൽ പ്രവർത്തിച്ച അധ്യാപകർക്കും ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും അഭിനന്ദനങ്ങളും ആശംസയും അറിയിക്കട്ടെ............

വിജു.ഡി,

(പി.റ്റി.എ പ്രസിഡൻറ്)

# പത്രാധിപ സമിതി

| | |
|---|---|
| ഫിലോമിന എഫ് | (ഹെഡ്മിസ്ട്രസ്) |
| വിജു ഡി | (പി.റ്റി.എ പ്രസിഡൻറ്) |
| റോസ് മേരി റ്റി | (ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്) |
| ബീനജാസ്മിൻ കെ എഫ് | (ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്) |
| എഫ്രേം | (സ്കൂൾ ലീഡർ) |
| ധനുഷ് ആർ | (ലിറ്റിൽ കൈറ്റ്സ് ലീഡർ) |
| അലീന എസ് ബിജു. | (ലിറ്റിൽ കൈറ്റ്സ് ലീഡർ) |
| അസ്ന എ എസ് | (ചീഫ് എഡിറ്റർ) |
| അനീറ്റ | (ലിറ്റിൽ കൈറ്റ് അംഗം) |
| ഋഷികേഷ് | (ലിറ്റിൽ കൈറ്റ് അംഗം) |
| ധനുഷ് സി | (ലിറ്റിൽ കൈറ്റ് അംഗം) |
| ഇവാഞ്ചലിൻ | (ലിറ്റിൽ കൈറ്റ് അംഗം) |
| അനന്തപത്മനാഭൻ | (ലിറ്റിൽ കൈറ്റ് അംഗം) |

# മുഖമൊഴി

വായന മരിക്കുന്നില്ല...........പുതിയ രൂപത്തിലും ഭാവത്തിലും മാറ്റപ്പെടുന്നുവെന്നേയുള്ളൂ. പ്രവൃത്തികൾ മാത്രമല്ല, ചിന്തകൾ പോലും യാന്ത്രികമായി മാറിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിലും നന്മയുടെയും സ്നേഹത്തിൻറേയും തുരുത്തുകൾ കാണാനാവുന്നതിൻറെ കാരണവും ഇതു തന്നെയാണ്......അതെ.........

കൊച്ചുകുഞ്ഞുങ്ങൾപോലും സാങ്കേതികവിദ്യയെ വിരൽത്തുമ്പത്ത് നിർത്തുന്ന ഇക്കാലത്തും സർഗ്ഗാത്മക രചനകളും കലാസൃഷ്ടികളും കയ്യെഴുത്തു മാസികകളും പ്രസക്തമാകുന്നതും ഇതുകൊണ്ടുതന്നെ...കാലം ഇനിയുംമുന്നോട്ടു കുതിച്ചുകൊണ്ടിരിക്കും, വിവരസാങ്കേതിക വിദ്യയും........അപ്പോൾനാം തുടർന്നു വന്ന ചില രീതികളും പുതുക്കേണ്ടതുണ്ട്. ലിറ്റിൽ കൈറ്റ്സിൻറെ നേതൃത്വത്തിൽ ഡിജിറ്റൽ മാഗസീൻ എന്ന ആശയം ഞങ്ങൾ ഏറ്റെടുത്തതും ഇതുകൊണ്ടുതന്നെ.

ഡിജിറ്റൽ വായനയുടെ ലോകത്തിലേക്ക് ഞങ്ങൾ സ്നേഹപൂർവം "സമന്വയ.കോം" സമർപ്പിക്കട്ടെ................

എഡിറ്റർ



# Layout and Design

# സ്കൂൾ റിപ്പോർട്ട്

## ഉണ്ടൻകോട് സെന്റ് ജോൺസ് ഹയർ സെക്കന്ററി സ്കൂളിന്റെ 2019-20 അധ്യയന വർഷത്തെ ഹൈസ്കൂൾ വിഭാഗം പ്രവർത്തന റിപ്പോർട്ട്

ബഹുമാന്യരെ,

ഉണ്ടൻകോട് സെന്റ് ജോൺസ് ഹയർ സെക്കന്ററി സ്കൂളിന് സർവേശ്വരൻ നൽകികൊണ്ടിരിക്കുന്ന അനുഗ്രഹങ്ങൾക്ക് നന്ദി അർപ്പിച്ചുകൊണ്ടും 1964-ൽ ഈ സ്കൂൾ സ്ഥാപിക്കാൻ നേതൃത്വം നൽകിയ Rev. Fr. John Baptist OCD യുടെ പാവന സ്മരണയ്ക്കു മുന്നിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ടും 2019-20 അധ്യയന വർഷത്തെ പ്രവർത്തന റിപ്പോർട്ട് പൊതുജന സമക്ഷം സമർപ്പിക്കട്ടെ

ഒന്നാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെ 57 ഡിവിഷനുകളിലായി 1809 വിദ്യാർത്ഥികളും 83 അധ്യാപകരും 7 അനധ്യാപകരും ഉണ്ട്. ഹെഡ്മിസ്ട്രസായിശ്രീമതി ഫിലോമിന ടീച്ചറും ഡെപ്യൂട്ടി ഹെഡ്മിസ്ട്രസായി ശ്രീമതി മഹേശ്വരിയമ്മ ടീച്ചറും സ്റ്റാഫ് സെക്രട്ടറിയായിശ്രീമാൻ ജയപ്രകാശ് സാറും സേവനം അനുഷ്ഠിക്കുന്നു.

2019 മാർച്ചിൽ നടന്ന എസ് എസ് എൽ സി പരീക്ഷയിൽ 334 കുട്ടികൾ പരീക്ഷ എഴുതുകയും 327 കുട്ടികൾ വിജയികൾ ആവുകയും ചെയ്തു. അങ്ങനെ 98% വിജയം കൈവരിക്കാൻ

നമ്മുടെ സ്കൂളിന് സാധിച്ചു .ഇവരിൽ 21 പേർ എല്ലാ വിഷയങ്ങൾക്കും $A^+$ ഉം 20 പേർ ഒൻപത് വിഷയങ്ങൾക്ക് $A^+$ ഉം കരസ്ഥമാക്കി സ്കൂളിന്റെ യശസിനെ ഉയർത്തി. സേ പരീക്ഷയിലൂടെ എസ് എസ് എൽ സി വിജയം 100% ആയി ഉയർത്താൻ സാധിച്ചത് ഏറെ അഭിമാനം തന്നെയാണ്. മികച്ച വിജയം നേടിയ ചുണക്കുട്ടികളെ




അഭിനന്ദിക്കുന്നതോടൊപ്പം ഈ വിജയത്തിനായി കുട്ടികളെ പ്രാപ്തരാക്കിയ അധ്യാപകരെ അനുമോദിക്കുകയും നന്ദിയുടെ ഒരായിരം പൂച്ചെണ്ടുകൾ ഹൃദയത്തിന്റെ ഭാഷയിൽ അർപ്പിക്കുകയും ചെയ്യുന്നു.

2019-20 അധ്യയന വർഷത്തെ പ്രവേശനോത്സവത്തിന്റെ ഉത്ഘാടനം ജൂൺ മാസം ആറാം തിയതി ബഹുമാനപ്പെട്ട ലോക്കൽ മാനേജർ നിർവഹിച്ചു. കുട്ടികൾക്ക് പഠനകിറ്റ്,ടീഷർട്ട്,മധുരം ഇവ നൽകിയത് ആ ദിനത്തെ ധന്യമാക്കി.

ഈ അധ്യയന വർഷം ഒന്നു മുതൽ പത്തുവരെ ക്ലാസുകളിലായി 267 കുട്ടികൾ നമ്മുടെ സ്കൂളിൽ പുതിയതായി എത്തി.

ജൂൺ മാസം 19-ാം തീയതി മുതൽ 25-ാം തീയതി വരെ വായനാവാരമായി ആഘോഷിച്ചു.വായനാക്കുറിപ്പ്,കവിതാരചന, ഉപന്യാസരചന,ക്വിസ്സുടങ്ങിയ വിവിധ മത്സരങ്ങൾ ഈ ദിവസങ്ങളിൽ നടത്തുകയുണ്ടായി.സമാപനദിവസമായ ജൂൺ 25-ന്നടന്ന സ്കൂൾ അസംബ്ലിയിൽ വച്ച് നമ്മുടെ സ്കൂളിൽ പുതുതായി വന്ന ജീന ജി റോസ്

ടീച്ചർ വായനാ സമാപനസന്ദേശം നൽകി.

എല്ലാ വിദ്യാർത്ഥികൾക്കും വൃക്ഷത്തൈകൾ വിതരണം ചെയ്ത് ലോകപരിസ്ഥിതി ദിനം സമുചിതമായി ആഘോഷിച്ചു.

ജൂലൈ 18-ാം തീയതി നടന്ന സ്കൂൾ തല ശാസ്ത്ര ,പ്രവൃത്തി പരിചയം,സാമൂഹ്യശാസ്ത്ര,ഭാഷാ,ഐ റ്റി മേളകളിൽ നിരവധി കുട്ടികൾ അവരുടെ കഴിവുകൾ തെളിയിച്ചു. സബ് ജില്ലാ തലത്തിൽ നടന്ന




ശാസ്ത്രോത്സവത്തിൽ ഹൈസകൂൾ വിഭാഗം സോഷ്യൽസയൻസിന് ഓവർ ആൾ 1ST ഉം യു പി വിഭാഗം maths-നും സയൻസിനും ഓവർ ആൾ 2nd ഉം ലഭിച്ചു. പ്രവൃത്തി പരിചയ മേളയിൽ leather making മത്സരത്തിൽ പങ്കെടുത്ത് വിജയിച്ച 10.I ലെ അബിന്യ എന്ന വിദ്യാർത്ഥി സംസ്ഥാനതല മത്സരത്തിലും പങ്കെടുത്തു.



ഈ സ്കൂളിൽ പ്രവർത്തിക്കുന്ന വിവിധ ക്ലബുകളുടെ കൂട്ടായ്മയായ focus -ന്റെ ഉദ്ഘാടനം സ്കൂൾ അസംബ്ലിയിൽ വച്ച് നമ്മുടെ ലോക്കൽ മാനേജർ Rev .Fr. Mon .Vincent k peter നിർവഹിച്ചു.

B ED Trainees-ന്റെ നേതൃത്വത്തിൽ കുട്ടികൾക്കായി ഒരു ട്രാഫിക്ക് ബോധവൽക്കരണ സെമിനാറും Fire and Safety-യെ കുറിച്ചുള്ള രണ്ടു ദിവസത്തെ ക്ലാസും സംഘടിപ്പിക്കുകയുണ്ടായി.

ഓഗസ്റ്റ് മാസം ഒന്ന്,രണ്ട് തീയതികളിലായി നടന്ന സ്കൂൾതല കായിക മത്സരങ്ങളുടെ ഔപചാരികമായ ഉദ്ഘാടനം നിർവഹിച്ചത് സന്തോഷ് ട്രോഫി ഫുഡ് ബോൾ മുൻ ക്യാപ്റ്റനായ ശ്രീമാൻ സീസൺ ആണ്. പാറശാല സബ് ഇൻസ്പെക്ടർ ശ്രീമാൻ

സുജിത്ത് ദീപശിഖ തെളിയിച്ചു. പ്രസ്തുത ദീപശിഖയുമേന്തി കായിക




താരങ്ങളായ വിദ്യാർത്ഥികൾ നിലമാമൂട് ചെറിയകൊല്ല വഴി സ്കൂളിൽ എത്തിച്ചേർന്നത് നയനാനന്ദകരമായ ഒരു കാഴ്ചയായിരുന്നു. മത്സരങ്ങൾ കഴിയുന്നതിനനുസരിച്ച് വിജയികളായ കുട്ടികളെ victory stand-ൽ നിർത്തി മെഡൽ നൽകിയത് ഏറെ പ്രശംസനീയമാണ്. പാറശാല സബ് ജില്ലാ തലത്തിലും റവന്യൂ തലത്തിലും നമ്മുടെ കായികതാരങ്ങളായ വിദ്യാർത്ഥികൾ മികച്ച പ്രകടനം

കാഴ്ചവച്ചു.

ഈ വർഷത്തെ സ്വാതന്ത്ര്യ ദിനാഘോഷ-ത്തിന്റെ ഉത്ഘാടനം വെള്ളറട സബ് ഇൻസ്പെക്ടർ ശ്രീബിജു സാർ നിർവഹിച്ചു.



വിദ്യാർത്ഥികൾ അവതരിപ്പിച്ചസ്വാതന്ത്ര്യ ദിന പരിപാടികൾ ഏറെ ആകർഷകമായിരുന്നു.

സ്കൂൾ തല കലോത്സവം ഓഗസ്റ്റ് മാസം 22- ാം തീയതി ചലച്ചിത്ര പിന്നണി ഗായകൻ ശ്രീ ജോസ് സാഗർ ഉത്ഘാടനം ചെയ്തു . Rev. Fr പ്രദീപ് ആന്റോ അനുഗ്രഹപ്രഭാഷണം നടത്തി. പാറശാല സബ് ജില്ലാ കലോത്സവത്തിൽ യു പി , ഹൈസ്കൂൾ വിഭാഗങ്ങളിൽ

ഓവറോൾ 1st- ഉം എൽ പി വിഭാഗത്തിൽ ഓവറോൾസെക്കന്റും യു പി വിഭാഗം സംസ്കൃതോത്സവത്തിൽഓവറോൾ 1st ഉം കരസ്ഥമാക്കി നമ്മുടെ



ചുണകുട്ടികൾഈ സ്കൂളിന്റെ യശസ് ഒന്നുകൂടെ ഉയർത്തി. 10-F ൽ പഠിക്കുന്ന അസിൻ സാഗരം എന്ന കൊച്ചു മിടുക്കി ഇംഗ്ലിഷ് കഥാരചനാ മത്സരത്തിൽ സബ് ജില്ലാ തലത്തിൽ 1st A grade -ഉം സംസ്ഥാനതലമത്സരത്തിൽ A Grade -ഉം കരസ്ഥമാക്കി സ്കൂളിന്റെ അഭിമാനമായി മാറി. പാറശാല സബ് ജില്ലാ കലോത്സവത്തിൽ നാടകത്തിന് ഒന്നാം സ്ഥാനം നേടാൻ സാധിച്ചു. മികച്ച നടനായി 9B-യിൽ പഠിക്കുന്ന അഖിലും മികച്ച നടിയായി 8A-യിലെ രഹനയും

തിരഞ്ഞടുക്കപ്പെട്ടു. ഒവറോൾ കിരീടം അധ്യാപകരും വിദ്യാർത്ഥികളും ചേർന്ന് ബഹു.എം എൽ എ യിൽ നിന്നുംഏറ്റുവാങ്ങി. വിവിധ

മത്സരങ്ങളിൽ പങ്കെടുത്ത് ഉന്നതവിജയികളായ ചുണക്കുട്ടികളെ അനുമോദിക്കുന്നതോടൊപ്പം ഇതിനുവേണ്ടി പ്രവർത്തിച്ച അധ്യാപകർക്ക് നന്ദിയർപ്പിക്കുകയും ചെയ്യുന്നു.




ഈ വർഷത്തെ ശിശുദിനാഘോഷവും വർണപകിട്ടാർന്ന അനുഭവമാക്കി മാറ്റാൻ നമുക്ക് സാധിച്ചു.ശിശുദിന റാലി കണ്ണുകൾക്ക് കുളിർമ നൽകുന്നതായിരുന്നു.എൽ പി വിഭാഗം കുട്ടികളുടെ വിവിധ കലാപരിപാടികളും മധുരവിതരണവും ഇതിന് മാറ്റ്കൂട്ടി.

കേരളപിറവി ദിനാഘോഷവും ശ്രേഷ്ഠഭാഷാദിനാചരണവും വിവിധ മത്സരങ്ങളോട് കൂടി വളരെ ഭംഗിയായി ആഘോഷിച്ചു. കുട്ടികളുടെ വായനാശീലം വർധിപ്പി ക്കുന്നതിനും കലാപരമായ

കഴിവുകൾ വികസി-പ്പിച്ച് അവരിൽ നേതൃത്വപാഠവം സൃഷ്ടിക്കുന്നതിനുംസഹായകരമായ രീതിയിൽ രാവിലെ 9 മണി മുതൽ വാർത്താ വായനയും 12.45 മുതൽ 1.15 വരെ വിവിധ കലാപരിപാടികളും ഉൾപ്പെടുത്തി 'സ്വരലയ' എന്ന പേരിൽ ആകാശവാണി പ്രോഗ്രാം നടത്തിവരുന്നു.

സാമൂഹിക പ്രതിബദ്ധത കുട്ടികളിൽ സൃഷ്ടിക്കാനായി സഹായിക്കുന്ന സ്കൗട്ടിനും ഗൈഡിനും രണ്ട് ഓപ്പൺ യൂണിറ്റുകൾ വീതം പ്രവർത്തിക്കുന്നുണ്ട്.

ശ്രീമതി ബീന സി എസ്,ശ്രീമതി ഗീത പി സി എന്നീ അധ്യാപകരുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന Red Cross-ന്റെ 3 യൂണിറ്റുകൾ സജീവമായി പ്രവർത്തിക്കുന്നു.ഈ വർഷത്തെC-Level പരീക്ഷയിൽ പങ്കെടുത്ത എല്ലാ വിദ്യാർത്ഥികളും വിജയിച്ച്ഗ്രേസ് മാർക്കിന് അർഹരായി.

ഐ റ്റി യിൽ ആഭിമുഖ്യമുള്ള ഹൈസ്കൂൾതലത്തിലെ വിദ്യാത്ഥികളെ തെരെഞ്ഞെടുത്ത് ലിറ്റിൽ കൈറ്റ്സ് എന്ന പേരിൽ ക്ലബ് രൂപീകരിച്ച് എല്ലാ ബുധനാഴ്ചയും വൈകുന്നേരം 3.30 മുതൽ 4.30 വരെ പ്രത്യേകപരിശീലന ക്ലാസും നൽകിവരുന്നു.8,9,10 ക്ലാസുകളിലായിമൂന്ന് യൂണിറ്റുകൾ പ്രവർത്തിക്കുന്നു.സബ് ജില്ലാ തലത്തിലും ജില്ലാ തലത്തിലും പങ്കെടുത്ത് ഗ്രേസ് മാർക്കിന് അർഹരരായി.

വയനാട് കേന്ദ്രമാക്കി സെപ്തംബർ മാസത്തിൽ ശ്രീമാൻ ഷാജി കുമാർ സാറിന്റെ നേതൃത്വത്തിൽ ഈ വർഷത്തെ പഠനവിനോദയാത്രസംഘടിപ്പിച്ചു.കൂടതെ ലിറ്റിൽ കൈറ്റ്സ്,Red Cross, സോഷ്യൽ സയൻസ് ക്ലബ് തുടങ്ങിയവയുടെ നേതൃത്വത്തിൽ

നടത്തിയ പഠനവിനോദയാത്രകൾ കുട്ടികൾക്ക് ഹൃദ്യമായഅനുഭവം പകരുന്നതായിരുന്നു.

അധ്യാപകദിനമായ സെപ്തംബർ 5 ന് Nss,Spc എന്നി സംഘടനകളുടെ നേതൃത്വത്തിൽ എല്ലാ അധ്യാപകരെയും മധുരവും സമ്മാനവും നൽകി ആദരിച്ചു. 6-ാം ക്ലാസ് മുതലുള്ള വിദ്യാർത്ഥികൾക്ക് കുന്നത്തുകാൽ phc യുടെ നേതൃത്വത്തിൽ തിങ്കളാഴ്ച തോറും അയൺ ഗുളിക നൽകുന്നുണ്ട്.ഈ സ്കൂളിൽ പ്രവർത്തിക്കുന്ന health club കുട്ടികൾക്ക് ഏറെ പ്രയോജനകരമാണ്.

ഒന്നു മുതൽ പത്താം ക്ലാസ് വരെ ഉള്ള കുട്ടികളിൽ അടിസ്ഥാന ആശയങ്ങൾക്ക് ഊന്നൽ നൽകുന്നതിനായി 3.30 മുതൽ 4.30 വരെ പ്രത്യേക പരിശീലനം നൽകി വരുന്നു.

ഗാന്ധിദർശൻ ക്ലബിന്റെ പ്രവർത്തനവും ഏറെ ശ്രദ്ധേയമാണ്. സോപ്പു നിർമാണം, ലോഷൻ നിർമാണം തുടങ്ങിയവ ഈ ക്ലബിന്റെ നേതൃത്വത്തിൽ നടത്തിവരുന്നു.

പ്രതിഭകളായ കുട്ടികളെ കണ്ടെത്തി IAS, Medical,engineering, Young Scientist Orientation ക്ലാസുകൾ സംഘടിപ്പിച്ചിരിക്കുന്നത് കുട്ടികൾക്ക് ഏറെ പ്രയോജനകരമാണ്.

എല്ലാ കുട്ടികളുടെ ഭവനത്തിലും ഒരോ ലൈബ്രറി സജ്ജമാക്കുക എന്ന ലക്ഷ്യത്തോടെ'വീട്ടിൽ ഒരു ലൈബ്രറി' എന്ന പേരിൽ പുസ്തകങ്ങൾ ഒരുക്കുന്നതിനായി കുട്ടികളെ പരിശീലിപ്പിക്കുന്നു.



എല്ലാ ക്ലാസ് മുറികളിലും കുട്ടികളുടെ പങ്കാളിത്തത്തോടെ ലൈബ്രറി സജ്ജീകരിച്ച കാര്യം ഏറെസന്തോഷത്തോടെ അറിയിക്കുന്നു. ഇതിനായി ഒരു സ്പെഷ്യൽ അസംബ്ലി നടത്തി 'പുസ്തക വല്ലം' എന്ന പേരിൽ പുസ്തകം ശേഖരിച്ചു. ഇതിന്റെ ഉദ്ഘാടനം മുൻ ഭാഷാ അധ്യാപികയായ ശ്രീമതി ലളിത ടീച്ചർ നിർവഹിച്ചു. ഒരോ ക്ലാസിലും കുട്ടിലൈബ്രേറിയൻമാരെ തിരഞ്ഞെടുത്തത് കുട്ടികൾക്ക് പുതിയൊരു അനുഭവം ആയിരുന്നു.

അത്യാധുനികവും വിപുലമായ പുസ്തക ശേഖരവുമുള്ള മികവാർന്ന സ്കൂൾലൈബ്രറി നമ്മുടെ സമ്പത്താണ്. കൂടാതെ ഹൈടെക്ക് ക്ലാസ് മുറികളും കാര്യക്ഷമമായ ലാബുകളും എടുത്ത് പറയത്തക്ക പ്രത്യേകതകളാണ്. മിതമായ നിരക്കിൽ വിദ്യാർത്ഥികൾക്ക് ആവശ്യമായ പഠന വസ്തുക്കൾ ലഭ്യമാക്കുന്ന സൊസൈറ്റിയുടെ പ്രവർ

ത്തനവും കാര്യക്ഷമമായി നടത്തുന്നു. ഗണിതത്തിൽ താല്പര്യം ഉണ്ടാകുന്നതിനും പഠന നിലവാരം ഉയർത്തുനതിനും ഉചിതമായ രീതിയിൽ അബാക്കസ് പരിശീലനവും നടന്നുവരുന്നു.

വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനായി monthly test സമയ ബന്ധിതമായി നടത്തുകയും നിലവാരം രേഖപ്പെടുത്തിയ profile രക്ഷിതാക്കളിൽ എത്തിക്കുകയും ചെയ്യുന്നു.

ക്ലാസ് തല പരീക്ഷകളിൽ മികച്ച വിജയം കരസ്ഥമാക്കുന്ന കുട്ടികൾക്ക് നല്കിവരുന്ന 'badge' കുട്ടികളിൽ മത്സര ബുദ്ധി വർധിപ്പിക്കുന്നു.



7 A യിലെ ലക്ഷ്മി കൃഷ്ണ maths talent search exam ൽ ഒന്നാം സ്ഥാനവും maths quiz ന് parassala sub ജില്ലയിൽ ഒന്നാം സ്ഥാനവും

കരസ്ഥമാക്കി.Nu Maths പരീക്ഷയിൽ 6.E യിൽ പഠിക്കുന്ന Sreetha nath എന്ന കൊച്ചു മിടുക്കി സബ് ജില്ലാ മത്സരത്തിൽ ഒന്നാം സ്ഥാനം നേടി ജില്ലാ തല മത്സരത്തിന് അർഹയായി.

Expressions 2020 അരീകോട് G H S S ൽ വച്ച് നടത്തിയ Creative English Debate എന്ന പ്രോഗ്രാമിൽ 10.F ൽ പഠിക്കുന്ന അസിൻ സാഗരം പങ്കെടുത്തത് ഏറെ പ്രശംസനീയമാണ്.

9.B യിൽ പഠിക്കുന്ന Ashin D V എന്ന കൊച്ചു മിടുക്കൻ Inspire അവാർഡിന്റെ ജില്ലാ തല മത്സരത്തിൽ പങ്കെടുക്കുന്നതിന് അർഹനാവുകയും 10000 രൂപ scholarship നേടുകയും ചെയ്തു.

English ഭാഷയിൽ പ്രാവീണ്യം നേടുന്നതിനായി രൂപതാ തലത്തിൽ എല്ലാ വർഷവും സംഘടിപ്പിക്കുന്ന English fest ൽ ഹൈസ്കൂൾ വിഭാഗം overall first ഉം യു പി വിഭാഗം overall third ഉം കരസ്ഥമാക്കി.

യുറീക്കാ വിജ്ഞാനോത്സവത്തിൽ LP,UP, HS തലത്തിലെ വിദ്യാർത്ഥികൾ മേഖലാ തലത്തിൽ പങ്കെടുത്തു. 4.D യിൽ പഠിക്കുന്ന Shiva Priya സമ്മാനത്തിന് അർഹയായി. L S S പരീക്ഷയിൽ 4.C ൽ പഠിക്കുന്ന Anakha യും 4.A ൽ പഠിക്കുന്ന Abitha യും സമ്മാന അർഹരായി.

പ്രകൃതിയെ സംരക്ഷിക്കുക എന്ന ചിന്ത കുട്ടികളിൽ ആഴത്തിൽ ഉറപ്പിക്കുന്നതിനായി Eco club വേണ്ടത്ര ശ്രദ്ധ പുലർത്തുന്നുണ്ട്. ഏകദേശം 150 കുട്ടികളുടെ പങ്കാളിത്തത്തോടെ സ്കൂളും പരിസരവും ഭംഗിയായി സൂക്ഷിക്കുന്നു. സർക്കാരിൽ നിന്ന് കിട്ടിയ 5000 രൂപ

ഉപയോഗിച്ച് വാഴത്തോട്ടവും പച്ചക്കറിത്തോട്ടവും ക്രമീകരിച്ചു. അതിൽ നിന്ന് കിട്ടുന്ന വിഭവങ്ങൾ ലേലം ചെയ്തു വരുന്നു.

കുട്ടികളിൽ നല്ല ശീലം വളർത്തി എടുക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന 'നല്ല പാഠം' ക്ലബിന്റെ നേതൃത്വത്തിൽ അപകടത്തിൽ ഒരു കാൽ നഷ്ടമായ 5.D യിൽ പഠിക്കുന്ന Anaswar റിന്റെ ചികിത്സാചിലവിനായി ഈ സ്കൂളിലെ മുഴുവൻ വിദ്യാർത്ഥികളും അധ്യാപകരുംചേർന്ന് സമാഹരിച്ച 100000 രൂപയിൽ, 10000 രൂപ കുട്ടിയുടെ പിതാവിന് ഏല്പിക്കുകയും 90000 രൂപ nids office ൽ നിക്ഷേപ്പിക്കുകയും ചെയ്തു KIMS ആശുപത്രിയുടെ നേതൃത്വത്തിൽ കൃത്രിമ കാൽ വച്ചു കൊടുക്കുകയും ചെയ്തു.



പാഠം ഒന്ന് പാടത്തേക്ക് എന്ന government programme ന്റെ ഭാഗമായി പാറശാല നിയോജകമണ്ഡലത്തിന്റെ ആഭിമുഖ്യത്തിൽ

പെരുങ്കടവിള ഓഡിറ്റോറിയത്തിൽ വച്ച് നടന്ന പരിപാടിയിൽ നമ്മുടെ സ്കൂളിൽ നിന്ന് നൂറോളം വിദ്യാർത്ഥികളും അധ്യാപകരും പങ്കെടുത്തു.

വിദ്യാരംഗം കലാസാഹിത്യവേദിയുടെ ആഭിമുഖ്യത്തിൽ പാറശാല സബ് ജില്ല തലത്തിൽ നടത്തിയ സാഹിത്യ ശില്പ ശാലയിൽ LP, UP, HS വിഭാഗങ്ങളിലെ വിദ്യാർത്ഥികൾ പങ്കെടുത്ത് സമ്മാന അർ ഹനായി.

സോഷ്യൽ സയൻസിന്റെ പ്രതിഭാ പോഷണ പരിപാടിയുടെ ഭാഗമായി ആറാം ക്ലാസിലെ വിദ്യാർത്ഥികൾക്ക് ആയി 'Steps' എന്ന പേരിൽ സംഘടിപ്പിച്ച ശിൽപശാല കുട്ടികൾക്ക് ഏറെ പ്രയോജനകരമായി.

വിശ്വാസം,പഠനം,സേവനം എന്നീ മുദ്രാനവാക്യത്തിൽ അധിഷ്ഠിതമായ KCSL 2017 മുതൽ ആരംഭിച്ച 'സാന്ത്വനം'സഹായ പദ്ധതിയുടെ പ്രവർത്തനം 2020 ആയപ്പോഴും അധ്യാപകരുടെ സഹായസഹകരണങ്ങളിലൂടെ കരുത്താർജ്ജിച്ച് മുന്നേറുന്നു.അതിനായി സെന്റ് ജോൺസിന്റെ ഇടപെടൽ ശ്ലാഘനിയമാണ് ഈ പദ്ധതി അനുസരിച്ച് ഓഖി ദുരന്തമേഖലയിലും പ്രളയബാധിതപ്രദേശങ്ങളിലും സഹായങ്ങൾ നൽകാൻ സാധിച്ചു.ഇതിലൂടെ സ്കൂളിലെ വിദ്യാർത്ഥികളുടെ അസുഖബാധിതരായ മാതാപിതാക്കളെ സാമ്പത്തികമായി സഹായിക്കാൻ കഴിഞ്ഞിട്ടുണ്ട് ഇത്തരം പ്രവർത്തനങ്ങൾക്കായി സാമ്പത്തികസഹായം നൽകികൊണ്ട് രൂപത KCSL യൂണിറ്റിനോടൊപ്പം താങ്ങായി നിൽക്കുന്ന സെന്റ് ജോൺസ് HSS ലെ അധ്യാപിക അനധ്യാപകർക്ക് നന്ദിയുടെ ഒരായിരം പൂച്ചെണ്ടുകൾ.

KCSL രൂപതാതല മത്സരത്തിൽ HS,UP വിഭാഗം ഓവറോൾ 2nd കരസ്ഥമാക്കി മികവ് തെളിയിച്ചു.

അധ്യാപകർ എല്ലാ മാസവും SRG കൂടുകയും പഠനപ്രവർത്തനങ്ങൾ ചർച്ചചെയ്ത് പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്യുന്നു.

ഈ അധ്യായന വർഷത്തെ സ്കൂൾ ലീഡറായി 10G യിലെ മാസ്റ്റർ EPHREM-നെയും ഉപലീഡറായി 10 F ലെ കുമാരി ആനി ബ്രൈറ്റിനെയും തിരഞ്ഞെടുത്തു.18-10-19-ൽ സംഘടിപ്പിച്ച പി.ടി.എ ജനറൽ ബോർഡ് യോഗത്തിൽ ശ്രീ.വിജുവിനെ പ്രസിഡൻ്റായും ശ്രീമതി പത്മ വി രാജിനെ സെക്രട്ടറിയായും ശ്രീമതി MPTA പ്രസിഡന്റായും തെരഞ്ഞെടുത്തു.സ്കൂളിലെ പ്രവർത്തനങ്ങളിൽ P T A യുടെ പൂർണ സഹകരണം ലഭിക്കുന്നുണ്ട്.

പൂർവവിദ്യാർത്ഥികൾ ഈ സ്കൂളിന് നൽകി വരുന്ന സഹായ സഹകരണം ഏറെ പ്രശംസനീയമാണ്. സ്കൂൾ ഗ്രൗണ്ട് ഇന്റർലോക്ക് ചെയ്യുന്നതിനായി അമ്പതിനായിരം രൂപ ലോക്കൽ മാനേജർക്ക് ഇവർ കൈമാറി. പ്രൈമറി ഹാളിലേക്കായി നൂറ്റിപ്പത്ത് കസേരകളും വാങ്ങിതന്നു.കാൽ നഷ്ടമായ അനശ്വറിന് മുപ്പതിനായിരം രൂപ സാമ്പത്തിക സഹായവും നൽകി.അവരോടുള്ള സ്നേഹവും നന്ദിയും ഇത്തരത്തിൽ അർപ്പിക്കുന്നു.

ഏറെക്കാലമായി ആഗ്രഹിച്ചിരുന്ന ചുറ്റുമതിൽ നവീകരണം ബഹു. കോർപ്പറേറ്റ് മാനേജർ നൽകിയ നാലരലക്ഷം രൂപ ഉപയോഗിച്ച് പൂർത്തിയാക്കാൻ സാധിച്ചു. ഈ തുക നൽകി സഹായിച്ച മാനേജ്മെന്റിന് നന്ദിയും ഞങ്ങളുടെ കടപ്പാടും അറിയിക്കുന്നു. കൂടാതെ അധ്യാപകരുടെ സഹായത്തോടെ LP ക്ലാസ് റൂം Plaster ചെയ്ത കാര്യവും

ഏറെ സന്തോഷത്തോടെ നിങ്ങളെ അറിയിക്കുന്നു.

ഈ സ്കൂളിന്റെ വളർച്ചയ്ക്ക് പ്രോത്സാഹനം നൽകികൊണ്ടിരിക്കുന്ന നെയ്യാറ്റിൻകര രൂപതാ ബിഷപ്പ് അഭിവന്ദ്യ വിൻസെന്റ് സാമുവൽ പിതാവിനും കോർപ്പറേറ്റ് മാനേജർ റവ.ഫാദർ ജോസഫ് അനിലിനും ലോക്കൽ മാനേജർ വെരി.റവ.മോൺ.ഡോ.വിൻസെന്റ് കെ പീറ്ററിനും ഡീക്കൻ വിപിനും വിദ്യാഭ്യാസ വകുപ്പിനും ജില്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്മാർക്കും സ്ഥലം എം എൽ എ ശ്രീ സി കെ ഹരീന്ദ്രൻ അവർകൾക്കും മെമ്പർമാർക്കും ഹൃദ്യമായ നന്ദി അറിയിക്കട്ടെ.

വിവിധ ക്ലബുകളിൽ കൺവീനർമാരായി പ്രവർത്തിക്കുന്ന അധ്യാപകർക്കും അനധ്യാപകർക്കും എന്റെ എല്ലാ സഹപ്രവർത്തകർക്കും ഇന്ന് ഇവിടെ സന്നിഹിതരായിരിക്കുന്ന വിശിഷ്ടാഥികൾക്കും നന്ദി അർപ്പിക്കാൻ ഈ അവസരം വിനിയോഗിക്കുന്നു.

രക്ഷകർത്താക്കളാണ് ഞങ്ങളുടെ സ്കൂളിനെ മുന്നോട്ട് നയിക്കുന്ന പ്രേരക ശക്തി.അവർ നൽകുന്ന സാഹായ സഹകരണങ്ങൾക്ക് നന്ദി അറിയിക്കുന്നതോടൊപ്പം തുടർന്നുള്ള പ്രവർത്തനങ്ങളിലും അവരുടെ പിന്തുണ പ്രതീക്ഷിക്കുന്നു.

ഒന്നുമുതൽ പന്ത്രണ്ട് വരെയുള്ള എല്ലാ കുട്ടികളെയും അധ്യാപകരെയും അനധ്യാപകരെയും ഒരു തോണിയിൽ എന്നതു പോലെ മുന്നോട്ട് നയിച്ചുകൊണ്ടിരിക്കുന്നവരും ഈ സ്ഥാപനത്തിന്റെ മാർഗ്ഗദീപങ്ങളായി ശോഭിക്കുന്നവരുമായ സ്നേഹാദരണീയനായ പ്രിൻസിപ്പൾ യേശുദാസൻ സാറും പ്രിയപ്പെട്ട ഹെഡ്മിസ്ട്രസ് ഫിലോമിന ടീച്ചറും കുട്ടികളോടൊപ്പം ഒരു

വാനമ്പാടിയെപ്പോലെ പറന്നുനടക്കുന്ന ഡപ്യൂട്ടി ഹെഡ്മിസ്ട്രസ് മഹേശ്വരിയമ്മ ടീച്ചറും ഈ വർഷം സേവനത്തിൽ നിന്ന് വിരമിക്കുകയാണ്. ഇവരോടൊപ്പം ഈ വർഷം സർവ്വീസിൽ നിന്ന് വിരമിക്കുന്ന ശ്രീമതി ജയന്തി ടീച്ചർ,ശ്രീമതി വാസന്തി ടീച്ചർ, ശ്രീമതി ലിറ്റിൽ ഫ്ളവർ ടീച്ചർ, ജയചന്ദ്രൻ സാർ, ഓഫീസ് സ്റ്റാഫ് അംഗമായ ശ്രീമാൻ ജറാൾഡ് എന്നിവരുടെയും നിസ്തുല സേവനങ്ങൾക്ക് ഈ അവസരം നന്ദി അർപ്പിക്കുന്നു.

സ്കൂളിന്റെ പേരും പ്രശസ്തിയും നിലനിർത്തുന്ന സ്കൂളിന്റെ സമ്പത്തായ വിദ്യാർത്ഥികളെ അനുഗ്രഹിക്കണമേയെന്ന് സർവ്വേശ്വരനോട് പ്രാർത്ഥിച്ചുകൊണ്ടും തുടർന്നും പി റ്റി എയുടെയും അധ്യാപകരുടെയും അനധ്യാപകരുടെയും രക്ഷകർത്താക്കളുടെയും സഹകരണം അഭ്യർത്ഥിച്ചുകൊണ്ടും ഈ റിപ്പോർട്ട് സാദരം സമർപ്പിക്കുന്നു.

# A DREAM



ASIN SAGARAM A ,10 .F

I could remember those days;
In which Ihesitated from that plays
But I had one dream in my mind
That was to become a doctor and be kind.

It insurrected in my veins and bones,
Nothing could stop me from that future plans;
I was always with my stelwart,
Who kept helping me to move forward.

But affliction rode down from the grave
To take me to a place that is sunk in despire
i could remember that I insisted to have a sthethescope
But it had all gone down the drain and lose all my hope.

When I see a doctor passing by,
I anticipated a lot, “when I will be so high”!!!?

As I encounted some physicians,
I compressed them with repeated questions....
It was all my fault ,all my faultWhen I querrel ensued with mother,by default
She urged me to have that precious foods,
That time I pull through her words.
Oh pain ! It’s tenderness is killing me
All I could do was to look in to that tree
While I was couching on the bed,
With an inclination desire that is already dead.

Death scrutinized me with his tremendous eyes;
I weakened day by day and get behind at studies.
Once I was a first,I was people’s charm;
But now I am n’thing every one kicks me out from their dream

Oh world! Be happy and commemorate,
Me,a burden for this world is going away, but-
I never act to fulfill my dream:
I said to my mom while tears dipped as stream

Man ! don’t dangle a dream and take it away
Life is a sole and tis the gift of almighty
Chase your dreams and abduct it like a fur,
I breathed my last with a look at my dream that is at a “Doctor”

# ഉപന്യാസം

## കലാവസ്ഥ വ്യതിയാനവും പരിസ്ഥിതി സംരക്ഷണവും

**അമ്മു ജി എസ് PLUS II.B**

ഈശ്വരൻ അനുഗ്രഹിച്ച് നല്കിയ പുണ്ണ്യഭൂമിയാണ് നമ്മടെ പച്ചഗ്രഹം . ആവശ്യമുള്ള സകലതും തന്ന് നമ്മെ ഭൂമിദേവി ചേർത്ത് പിടിക്കുന്നു എന്നാൽ നമ്മൾ ഭൂമിയുടെ ഈശ്വര വരദാനങ്ങളായ മരങ്ങളെ വെട്ടിനശിപ്പിക്കുന്നു . ജീവവായു പകർന്നുതന്ന് ജീവനെ നിലനിർത്തുന്ന മരങ്ങളെ ഇല്ലാതക്കുമ്പോൾ ജീവന്റെ ഉറവിടത്തെ കൂടിയാണ് നാം നഷ്ടമാക്കുന്നത് എന്ന് പറയാം.

ഈ കാലഘട്ടത്തിൽ വളരെ പ്രസക്തി ആർജിക്കുന്ന കാര്യമാണ് കാലവസ്ഥ വ്യതിയാനം. ഏതെങ്കിലും ഒരു കാലവസ്ഥയിൽ തന്നെ കുറെയതികം നാൾ തുടരുന്ന അനുഭവം . നമ്മൾ ചൂടിന്റെ ഘാഞ്ഞിത്താൽവലഞ്ഞിരുന്ന സമയം ഉണ്ടായിരുന്നു . 40 ഉം 45 ഉം വരെ ഉയർന്ന ചൂട് വേനൽക്കാലത്ത് അനുഭവിച്ചവരാണ് നമ്മൾ സൂര്യാകാതം മൂലം മരണപ്പെട്ടവരും പൊള്ളലേറ്റവരും ആയി നിരവധി പേരുണ്ട് നമ്മുടെ ഈ കൊച്ചുകേരളത്തിൽ.

എന്നാൽ അതിനുശേഷം നാം കണ്ടത് നിർത്താതെ പെയ്യ്തിറങ്ങുന്ന പേമാരിയായിരുന്നു . സ്വന്തം എന്നുപറഞ്ഞ് കെട്ടിപ്പൊക്കിയ പലതും നിമിഷനേരം ഈടിഞ്ഞ് വീഴുന്നത് കണ്ട് നിൽക്കാനെ നമ്മുക്ക് കഴിഞ്ഞിരുന്നുള്ളൂ . നേടിയത്തും വെട്ടിപ്പിടിച്ചതുമായ പലതും പ്രളയം കവർന്നതിന്നു . നിരവധി മനുഷ്യജീവനുകളെ കവർന്നെടുത്തുകൊണ്ട് , ഒരു ദിവസം കൊണ്ട് അനാഥരായവരുടെ കരച്ചിൽ കേട്ട് ആസ്വദിച്ചുകൊണ്ട് പ്രളയം സന്തോഷിച്ചിരിക്കും .

പണ്ട് ഒരു 25 വർഷത്തിനപ്പുറം പ്രളയം എന്നത് കേട്ടുകേൾവിപ്പോലും ഇല്ലാത്ത ഒരു അവസ്ഥ ആയിരുന്നു എങ്കിൽ ഇന്ന് സർവ്വസാധാരണയായി നാം കേട്ടുതുടങ്ങിയിരിക്കുന്നു. വരൾച്ച എന്നത് ഒരു 10 വർഷതിതിനുനമ്പ് എന്താണെന്ന് പോലും അറിയില്ലായിരുന്ന നാം ഇതാ അതിന്റെ ഭാഗമായി മാറിരിക്കുന്ന .

എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നതെന്ന് എന്ന് തിരക്കി അധികം ദൂരം ഒന്നും പോകേണ്ട ആവിശ്യം കാണുന്നില്ല . നമ്മോട് തന്നെ നമ്മുടെ മനസാക്ഷിയോട് തന്നെ ചോഗിച്ചാൽ മതിയാകും . വരും തലമുറകൾക്ക് വേണ്ടി പകർന്നു കൊടുക്കേണ്ട ദൈവത്തിന്റെ വരദാനമായ ഈ പ്രകൃതിയെ നമ്മൽ നശിപ്പിക്കുന്നത് നാം നമ്മെ തന്നെ വഞ്ചിക്കുന്നതിനു തുല്യമാണ് . ഇന്ന് അത്യാവശത്തിന് എന്നതിനുപരി അനാവശ്യത്തിനു വരെ മരങ്ങളെയും പ്രകൃതിയേയും നശിപ്പിക്കുന്നവരാണു നാം . ആർഭാടം കാണിക്കുമ്പോൾ നഷ്ടമാകുന്നത് നമ്മുടെ തന്നെ ജീവവായുവാണെന്ന നമ്മിൽ ഉണ്ടാകണം .

പ്രകൃതിയുടെ പ്രതികരണങ്ങളാണ് ഇന്ന്ന നാം കാണുകയും അനുഭവിക്കുകയും ചെയ്യുന്ന ദുരിതങ്ങളും കാലവസ്ഥ വ്യതിയാനങ്ങളും . വീടുവച്ച ശേഷം നാലുവശവും ടൈൽ കൊണ്ട് മൂടിവൃത്തിയാക്കി ഒരിറ്റുവെള്ളംപോലും ഭൂമിയിലേക്ക് ഇറങ്ങാതെ അത്രയും സൂക്ഷമമായി അടച്ച് വച്ചിട്ട് നാം ഇന്ന് ദൈവത്തോട് ശകാരിക്കും പോലെ പറയും " നാശം മഴ പെയ്യിന്നില്ലലോ " എന്ന് സ്വയം മണ്ടനായി വേഷം അണിയുന്നവരാണ് നമ്മിൽ പലരും .

ഈ രണ്ടാമത്ത് പ്രളയം അത്ര ഭയാനകമായിരുന്നില്ല . എന്നാൽ അത് ഭയാനകമായത് നമ്മുടെ പ്രവൃത്തികൾ കൊണ്ട് മാത്രമാണ് . നാം മുറച്ച മരങ്ങൾ അതിന്റെ വലിയ വേരുകൾ ഭൂമിയുടെ അടിയിൽ ഉണ്ടായിരുന്ന അതിനുള്ളിൽ വെള്ളം നിറയുകയും അതിനുമുകള്ളിലുള്ള മണ്ണ് ഇളകുകയും ചെയ്യതിലൂടെയാണ് ഉരുൾപ്പൊട്ടൽ എന്ന പേരിൽ നിരവധി ജീവനുകൾ പൊലിഞ്ഞുപോയതമ്മുടെ അത്യാഗ്രഹം കൊണ്ട് നഷ്ടമായി പോയ ജീവനുകൾക്ക് പകരമായി എന്ത് കൊടുത്താലും മതിയാവില്ല നഷ്ടമാക്കി കളഞ്ഞ പ്രകൃതിയിലെ നന്മകളെ ; ഇടിച്ച് വീഴ് ത്തിയ മതകൾ വാണിജ്യത്തിനും വ്യവസായത്തിനും വേണ്ടി

നശിപ്പിച്ചപ്പോൾ നഷ്ടമായ ജീവന് പകരംവയ്ക്കാൻ നമ്മുടെ കൈയ്യിൽ ഒന്നും ഇല്ല.

ഇനിയെങ്കിലും ഒന്ന് പഠിക്കണം ; ഈ ഭൂമിയെ സംരക്ഷിക്കാൻ ; ഈ ഭൂമിയെ ഒന്ന് സ് നേഹിക്കാൻ . ഇനി ഒരു പ്രളയമോ , വരൾച്ചയോ ഉണ്ടാകാതിരിക്കാൻ . ഇനി നാം കാരണം ഒരു ജീവൻ പോലും കൊഴിയാതിരിക്കാൻ . ഇതാകും പൊലിഞ്ഞുപോയ ; പ്രളയം കവർന്നുകൊണ്ടുപോയ ആ ജീവനുകൾക്ക് വേണ്ടി നമ്മുക്ക് ചെയ്യാനാകുത് . ഒരു മരമെങ്കിലും നട്ടുവളർത്തണം . കാടുകളെ സംരക്ഷിക്കണം . ആർഭാടം കാണിക്കാനായി പ്രകൃതിയെ ചൂഷണം ചെയ്യരുത് . പ്രകൃതിയുടെ പ്രതികരണങ്ങൾ കണ്ടവരാണ നാം . ഇനി അത് ആവർത്തിക്കാതിരിക്കാൻ നമ്മുക്ക് ഒരുമിച്ച് കൈകോർത്ത് വരും തലമുറയ്ക്കുവേണ്ടി നാം ഇത് ചെയ്യണം , ഇത് നമ്മുടെ കടമയാണന്ന് മനസിലാക്കണം

പരിസ്ഥിതി സംരക്ഷണം എന്നത് വെറും ഒരു കാര്യം എന്നതിലുപരിയായി കർത്തവ്യമായി കാണാൻ ശ്രമിക്കണം കാലാവസ്ഥയിൽ ഇനിയെങ്കിലും അപ്രതീക്ഷിതമാറ്റങ്ങൾ ഉണ്ടാകാതിരിക്കാൻ നമ്മുക്ക് ശ്രമിക്കാം ; അതിനായി നമ്മുക്ക് കൈകോക്കാം .

## ASIN SAGARAM.... PROUD OF ST. JOHN'S H S S



*State level kalolsavam,english story writing A grade,Participation in state level debate competetion held in GHSS areekode,malappuram.Participation in state level essay writing competetion held in SCERT, Poojappura.First in district level story writing*

*competetion and A grade in district level poem writing.First in sub district level in english poem writing and story writing.First in sub district level english essay writing competetion and first in school level english story writing competetion. First in school level english poem writing competition.And First in poem writing in english fest.First in KCSL malayalam essay writish,Good participation in KCSL quiz. Participation and get a scholarship in KCSL.She participate and get first in subdistrict level s.s essay writing.And first in sub district level essay writing competetion for gandhi smaraka nithi and participation in elocution in english fest.*

THANK YOU......

# അമ്മയാം പ്രകൃതി

അജീന എ

അമ്മേ നിൻ മടിത്തട്ടിൽ ഞാനിരിക്കവെ

മണിത്തെന്നൽ വന്നെന്നെ തഴുകി

അത് നിന്റെ തലോടലായി എനിക്ക് തോന്നി

നിന്റെ മുലപ്പാലായി നീ വെണ്മയാർന്ന

ജലത്തെ നൽകി;മഴത്തുള്ളികൾ വന്നെന്റെ-

യദരത്തിൽ തൊട്ടുമ്പോൾ നീ തരുന്നമൃ-

ത്തമായതിനെ ഞാൻ സ്വികരിക്കുന്നു

നിന്റെ സിന്ദൂരമായി നീ സൂര്യനെയണിയുന്നു

നീ നക്ഷത്രങ്ങളാൽ ആഭരണങ്ങളണിയുന്നു

എല്ലാമിവിടെയുണ്ട് എന്നാൽ നീ എവി-

ടെയണമ്മെ;നിന്നെക്കാണാനായി എൻ

കണ്ണുകൾ തുടിക്കുന്നു നിന്നെ തൊടാനായി-

യെൻ കൈകൾ തരിക്കുന്നു;നിന്റെ ശബ്ദം

കേൾക്കാൻ എൻ കാതുകൾ ആവേശംകൊള്ളുന്നു

എവിടെയെന്നമ്മെ നീ എവിടെ

ഞാനിതാ നിന്നരികിൽ വന്നു

പക്ഷെ നീ എവിടെയെന്നമ്മെ

**നീ മായയാണോ;അല്ല നീ**

# SWEET OF MOTHER LOVE

DARSANA S B

'Mother' the precious world that comes first our mind.
Maternity make her as a right women.
Oh! that's true we know that she make our mind cure

Mother is like a treasure
She makes our mind with pleasure
Like a Goodless, her magic smile with her interesting tales

She makes love in peoples mind
and spreads love of any kind
The sweet smile on her face
makes on delight and peaceful
When we are in trouble
She makes our strength double

she dedicates her life to her children
She is a precious gift of God
She make the sweet of love

and save our life as a cure.

# പൊങ്ങച്ചക്കാരി

**ജെ മഹേശ്വരിയമ്മ**

പൊങ്ങച്ചക്കാരി ഒരു പൊങ്ങച്ചക്കാരി

മായപൊങ്ങച്ചക്കാരീ........(2)

ബോബ്ചെയ്ത്ത് പുരികംവടിച്ച്

ബാഗുതൂക്കി കുടയുംചൂടി

കുണിങ്ങി നടക്കണപൊങ്ങച്ചക്കാരി

ഒരു പൊങ്ങച്ചക്കാരി..........(2)

നാട്ടുവിശേഷം കേട്ടാലുടനേ

നാട്ടുകിട്ടക്കണ വർത്തമാനം ചൊല്ലും

മായപൊങ്ങച്ചക്കാരി  ഒരു

മായപൊങ്ങച്ചക്കാരി.........(2)

പത്തുനിലക്കെട്ടിടമുണ്ട്......

കാറുണ്ട് ബൈക്കുണ്ട്......

നൂറേക്കർ ഭൂമിയുണ്ട്......

നൂറ്റൊന്നാനകളുണ്ട് അങ്ങനെ

നൂറ്റാണ്ടു പഴക്കംചെന്ന

കഥകൾ ചൊല്ലും പൊങ്ങച്ചക്കാരി.....

ഒരു മായപൊങ്ങച്ചക്കാരി....(2)

**കുണ്ടണിപറഞ്ഞു കുടുംബം തുലക്കും**

ഇല്ലാകഥകൾ ചൊല്ലി രസിക്കും

കണ്ടവർകണ്ടവർ കാർക്കിച്ചുതുപ്പും

പൊങ്ങച്ചക്കാരി ഒരു പൊങ്ങച്ചക്കാരി

മായപൊങ്ങച്ചക്കാരി.........(2)

എന്റെ മക്കൾ ഡോക്ടറാണ്

എന്റെ കെട്ടിയോൻ കളക്ടറാണ്

മന്ത്രിമാരെന്റ കൂട്ടരാണ്

ജോലിനൽകാം കാശുവേണ്ട

എന്നൊക്കെ ചൊല്ലും

പൊങ്ങച്ചക്കാരി .....

**ഒരു മായപൊങ്ങച്ചക്കാരി.....(2)**

# സെൻറ് ജോൺസ് ഹയർസെക്കൻററി സ്കൂൾ ഉണ്ടൻകോട്

## 2019-2020 അധ്യയന വർഷത്തെ ഹയർ സെക്കൻററി വിഭാഗം റിപ്പോർട്ട്

സെൻ്റ് ജോൺസ് ഹയർ സെക്ക്ററി സ്കൂളിൻറെ സ്ഥാപകനായ റവ.ഫാദർ ജോൺ ബാപ്റ്റിസ്റ്റ് ഒ.സി.ഡി യുടെ പാവന സ്മരണയ്ക്കു മുമ്പിൽ ആദരാജ്ഞലികൾഅർപ്പിച്ചുകൊണ്ട് ഈ ഗ്രമത്തിൻറെ മുഴുവൻ വിദ്യാർഥികളുടെയും അക്ഷരവെളിച്ചമായി കഴിഞ്ഞ അഞ്ച് ദശാബ്ദമായി പ്രശോഭിക്കുന്ന സെൻ്റ് ജോൺസ് ഹയർ സെക്ക്ററി സ്കൂളിലെ ഹയർ സെക്കൻററി വിഭാഗം ഇരുപത്തിരണ്ടാമത് വാർഷിക റിപ്പോർട്ട് അഭിമാനത്തോടുകൂടി സമർപ്പിക്കുന്നു.

നെയ്യാറ്റിൻകര രൂപത ലാറ്റിൻ കാത്തലിക് സ്കൂൾ കോർപറേറ്റ് മാനേജ്മെൻറിൻറെ ഏറ്റവും നികച്ച സ്കൂൾ , പാറശ്ശാല സബ്ജില്ലയിൽ ഏറ്റവുമധികം വിദ്യാർകൾ പഠിക്കുന്ന സ്കൂളി എന്നീ നിലകളിൽ മികവിൻറെ പര്യായമായി ഈ സ്കൂൾ ജൈത്രയാത്ര തുടരുന്നു.

ബയോളജി,കമ്പ്യൂട്ടർ സയൻസ്, കൊമേഴ്സ്, ഹ്യൂമാനിറ്റീസ് ഗ്രൂപ്പുകളിലായി പ്ലസ് വണ്ണിന് ആറും പ്ലസ് ടൂവിന് ആറും ബാച്ചുകൾ ഇവിടെ പ്രവർത്തിക്കുന്നു. ആകെ 720 വിദ്യാർഥികൾ ഇവിടെ അധ്യയനം നടത്തുന്നു. പ്രിൻസിപ്പൽ ഉൾപ്പെടെ 28 അധ്യാപകരും രണ്ട് ലാബ് അസിസ്റ്റൻറുമാരും സേവനമനുഷ്ഠിക്കുന്നു.

2019 മാർച്ചിലെ വാർഷിക പരീക്ഷയിൽ 22 വിദ്യാർഥികൾ ഫുൾ $A^+$ ഉം 17 പേർക്ക് 5 $A^+$ ഉം നേടി 92% വിജയം കരസ്ഥമാക്കി. ഫുൾ $A^+$ നേടിയ മാളവിക ജെ എം, ദിവ്യജോൺ, ഐശ്വര്യ എസ് എസ് , സലീശ എൻ ആർ, സായ്കൃ വി ഗോപാൽ, നീതു ജെ എസ്, സാന്ദ്ര ജെ പ്രേം, അക്ഷയ ഡി ജി, ശില്പ ജസ്റ്റസ്, അലീന, ആതിര, ഋവിയ രാജൻ, ജ്യോതിക, കൃഷ്ണ ഗോപിക, ആര്യ പി എസ്, രേഷ്മരവി, ഷാജിൻ മാത്യു, ആര്യ എം പീറ്റർ,മേഘ എസ് എന്നിവർക്കും 5 $A^+$ നേടിയവർക്കും അഭിനന്ദനങ്ങൾ.

മലയാളം,ഹിന്ദി,ബോട്ടണി, സുവോളജി,പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി, അക്കൗണ്ടൻസി ബിസിനസ് സ്റ്റഡീസ് എന്നീ വിഷയങ്ങളിൽ 100% വിജയം നേടാൻ കഴിഞ്ഞു. വിജയം നേടാൻ പ്രയത്നിച്ച ശ്രീമതി. സുധ,ശ്രീമതി. താര, ശ്രീമതി.രമ ശ്രീമതി.ബിനി, ശ്രീമതിഉഷാറാണി, ശ്രീ.ഗിഫ്റ്റ്സൺ തോമസ്, ശ്രീമതി.ബീന, ശ്രീ. ബിജുകുമാർ, ശ്രീ.എൽ.കൃഷ്ണൻ നാടാർ, ശ്രീമതി.ലേഖ എന്നിവർക്ക് അഭിനന്ദനങ്ങൾ.

2019-2020 അധ്യയന വർഷത്തെ പ്ലസ് വൺ പ്ലസ് ടു ക്ലാസുകൾ ജൂൺ 6-ാം തിയതി ആരംഭിച്ചു. നവാഗതർക്കായി വർണ്ണോജ്ജ്വലമായ പ്രവേശനോത്സവം ഉന്നത വിജയികൾക്കായി മെരിറ്റ് ഡേയും വളരെ വിപുലമായി നടത്തി. ഈ വർഷത്തെ പാഠ്യ-പാഠ്യേതര പാരവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനായി അധ്യാപകരെ തെരഞ്ഞെടുത്തു. സ്റ്റാഫ് സെക്രട്ടറിയായി ശ്രീ.എൽ.കൃഷ്ണൻ നാടാർ സാറിനെ തെരഞ്ഞടുത്തു. വിവിധ ക്ലബ്ബുകളുടെ  പ്രവർത്തനം കാര്യക്ഷമമാക്കാൻ കൺവീനർമാരെയും നിയമിച്ചു.

ഓരോ മാസവും അക്കാദമിക് കൗൺസിൽ വിദ്യാർഥികളുടെ പഠനപുരോഗതി വിലയിരുത്തുകയും യൂണിറ്റ് ടെസ്റ്റ്, ടേം എക്സാം എന്നിവ നടത്തി രക്ഷകർത്താക്കളെ അറിയിച്ച് കുട്ടികളുടെ പഠനനിലവാരം സമയബന്ധിതമായി വിലയിരുത്തി വരുന്നു. പഠനനിലവാരം മെച്ചപ്പെടുത്താൻ  റെമഡിയൽ ക്ലാസ്സുകളും നടത്തിവരുന്നു. അക്കാഡമിക് കൺവീനർ മേരിവയലറ്റ് ടീച്ചറിന് അഭിനന്ദങ്ങൾ.

കലോത്സവം

**2019-2020 അധ്യയന വർഷത്തെ സബ്ജില്ലാ**

# മഴയുടെ ആനന്ദലഹരി

അപർണ ബി 10B

വാനിൽ നിലാവ് വിതറികൊണ്ട്
കാറ്മേഘങ്ങളെ തഴുകി തളരവേ
പഞ്ഞി കെട്ടുകൾതോറും മഞ്ഞുതുള്ളികൾ
ആനന്ദലഹരി ഒഴുകവെ

ഉല്ലാസതിമിർപ്പിൽ ആറാടി
മേഘത്തിൻ അടിത്തട്ടിൽ
മുത്തുമണികൾ ചിതറികോണ്ട്
വാനിങ്കൾ നിറക്കവേ

പവിഴംപോലുള്ള മുത്തുകൾ
വാരി മാനത്തിൽ വിതറികൊണ്ട്
ഉല്ലാസഭതരിതയായമഞ്ഞതുള്ളികൾ
ഭൂമിയിൽ പതിക്കവെ

തരുക്കൾ ചില്ലകൈയുകളാട്ടി
ആനന്ദലഹരിയിൽ മുഴുകവെ
**മലരുകളാൽ നിറഞ്ഞ ഉദ്യാനത്തിൽ**
**തേൻ നുകരാൻ വരുന്ന വണ്ടുകളെ**
**കാത്തിരിക്കും നേരം മുത്തുമണി**
**പൂവിൻ മിഴികളിൽ നിറയവെ**

**സൗന്ദര്യമായെന്നും മഴയിൻ കാഴ്ചകളെ**
**ആസ്വാദലഹരിയിൽ ആറാടുന്നു.**

മഴത്തുള്ളികൾ അമ്മയാകുന്ന പ്രകൃതി
മടിത്തട്ടിൽ വന്നെത്തി ചാഞ്ചാടി ഉല്ലസിക്കുന്നു.
ഇത്തരം സൗന്ദര്യം നാം കാണുവാൻ കഴിയുന്ന
തെപ്പോഴെന്നാൽ അത് അമ്മയും കുഞ്ഞും
തമ്മിലുള്ള സ്നേഹബന്ധമാണ്.

# അദ്ഭുതം പ്രകൃതി

ആർഷ എസ് ആർ

